LIBRARY ARCHIVES Kerala Legislative Assembly

കട്ടനാട്ടിലെ സർവ്വശിക്ഷാ അഭിയാൻ കേരള പദ്ധതി പ്രവൃത്തികൾ

93 (1120) ശ്രീ. തോമസ് ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വശിക്ഷാ അഭിയാൻ കേരള പദ്ധതിപ്രകാരം കുട്ടനാട്ടിൽ ഏതെല്ലാം പ്രവൃത്തികൾക്ക് 2014-15 സാമ്പത്തിക വർഷം എത്ര തുക വീതം അനുവദിച്ചുവെന്നും ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ :

(ബി) കുട്ടനാട്ടിൽ 2014-15 സാമ്പത്തിക വർഷത്തിൽ സ്കൂളുകൾക്ക് യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതിയിൽ എത്ര തുക അനുവദിച്ചുവെന്നും ചെലവഴിച്ചുവെന്നും വിശദമാക്കിയ റിപ്പോർട്ട് ലഭ്യമാക്കുമോ ?

ഉത്തരം

(എ) 2014-15 സാമ്പത്തിക വർഷത്തിൽ കുട്ടനാട് മണ്ഡലത്തിൽ നടപ്പിലാക്കിയ എസ്.എസ്.എ. പ്രവർത്തനങ്ങൾ അനുബന്ധം (1) ആയി ചേർത്തിട്ടുണ്ട്.*

(ബി) 2014-15 സാമ്പത്തിക വർഷത്തിൽ കുട്ടനാട് മണ്ഡലത്തിൽ സ്കൂളുകൾക്ക് വിതരണം ചെയ്ത യൂണിഫോമിന്റെ വിവരങ്ങൾ അനുബന്ധം (2) ആയി ചേർത്തിട്ടുണ്ട്.*

ഹോസ്ദുർഗ് ഗവൺമെന്റ് സ്കൂളിലെ യു.പി.എസ്.എ. കന്നട വിഭാഗം തസ്തിക

94 (1121) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പതിമൂന്ന് വർഷമായി കാസർഗോഡ് ഹോസ്ദുർഗ് ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ നിലവിലുണ്ടായിരുന്ന യു.പി.എസ്.എ. കന്നട വിഭാഗം തസ്തിക റദ്ദ് ചെയ്തിട്ടുണ്ടോ ; എങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ :

(ബി) പ്രസ്തുത സ്കൂളിൽ കന്നടവിഭാഗം അനുവദിച്ച ജി.ഒ. നമ്പർ 4953/2000 തീയതി 2-12-2000 പൊതുവിദ്യാഭ്യാസം എന്ന ഉത്തരവ് അവഗണിച്ചാണോ പ്രസ്തുത തസ്തിക റദ്ദ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത തസ്തിക റദ്ദ് ചെയ്തതുമൂലം കന്നട ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾ സഹിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ആയതുപരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ 2014-15 വർഷം 5, 6, 7 ക്ലാസുകളിലായി യഥാക്രമം 4, 5, 6 വീതം കുട്ടികളാണ് യു.ഐ.ഡി./ ഇ.ഐ.ഡി. പ്രകാരം പഠിതാക്കളായി ഉണ്ടായിരുന്നത്. സ.ഉ.ജി.ഒ. (എംഎസ്.) 167/2001/പൊ.വി.വ. തീയതി 11-5-2011 പ്രകാരം ഭാഷാ ന്യൂനപക്ഷങ്ങൾ പഠിതാക്കളായ കാസർഗോഡ് ജില്ല പോലുള്ള അതിർത്തി ജില്ലകളിൽ പ്രൈമറി ഡിവിഷനുകൾ നിലനിർത്താനായി ചുരുങ്ങിയത് 8 കുട്ടികളെങ്കിലും ഒരു ഡിവിഷനിൽ ഉണ്ടായിരിക്കേണ്ടതാണ്. 2010-11 വർഷത്തെ തസ്തികാ നിർണ്ണയം നടത്തിയ കാലഘട്ടത്തിൽ ടി സ്കൂളിൽ 1 ഡിവിഷനിൽ എട്ടോ അതിൽ കൂടുതലോ കുട്ടികൾ പഠിതാക്കളായി ഉണ്ടായതിനാൽ പ്രൈമറി വിഭാഗത്തിൽ 1 തസ്തിക നിലനിന്നുപോന്നിരുന്നു. എന്നാൽ 2014-15 വർഷം 8-ലും കുറഞ്ഞത് മൂലമാണ് തസ്തിക അനുവദിക്കാതിരുന്നത്.

(ബി) സ.ഉ. (സാധാ.) നമ്പർ 4953/2000/പൊ.വി.വ. തീയതി 2-12-2000 പ്രകാരം ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ സമാന്തര കന്നട ഡിവിഷനുകളെ ഭാഷാ ന്യൂനപക്ഷമായി കണക്കിലെടുത്ത് നിലനിർത്തിപ്പോകണമെന്നാണ് സർക്കാർ ഉത്തരവിറക്കിയിരുന്നത്. എന്നാൽ ടി ഉത്തരവിന്റെ ഇടർച്ചയായി വീണ്ടും കുട്ടികളുടെ കുറവ് വരുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നുവരെ പ്രൈമറി വിഭാഗം ഡിവിഷനുകൾ നിലനിർത്താനാവശ്യമായ വിദ്യാർത്ഥികളുടെ കുറഞ്ഞ എണ്ണമായ 10-ൽ നിന്നും 8 ആക്കിക്കുറച്ചുകൊണ്ടുള്ള ഉത്തരവാണ് ഭാഷാ ന്യൂനപക്ഷങ്ങൾ പഠിക്കുന്ന ഡിവിഷനുകളിൽ നടപ്പിലാക്കേണ്ടതെന്ന് സ.ഉ. ജി.ഒ. (എംഎസ്.) 167/2001/പൊ.വി.വ. തീയതി 11-5-2011 പ്രകാരം പുറപ്പെടുവിച്ചിട്ടുള്ളത്. മേൽ ഉത്തരവുകൾ കൃത്യമായി പാലിച്ചുകൊണ്ട് തന്നെയാണ് ടി സ്കൂളിൽ കന്നട തസ്തിക റദ്ദ് ചെയ്തിട്ടുള്ളത്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സാഹചര്യത്തിൽ ഹോസ്ദുർഗ്ഗ് ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിൽ പ്രൈമറി വിഭാഗം കന്നട ഡിവിഷനുകളും തസ്തികയും നിലനിർത്താൻ കഴിയില്ല.